**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4226** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ അപകടകരമായ ധനസ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ശരാശരിയെ അപേക്ഷിച്ച് സംസ്ഥാനത്ത് വിലക്കയറ്റം കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ വിലക്കയറ്റത്തിന്റെ ശതമാനം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്ത് നഗര-ഗ്രാമ പ്രദേശങ്ങളിലെ കണക്ക് ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. Ministry of Statistics & Programme Implementation (MoSPI) പ്രതിമാസം inflation rate ലെ വ്യതിയാനം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിൽ ദേശീയ നിരക്കും കേരളത്തിന്റെ inflation നിരക്കും ലഭ്യമാണ്. പ്രസ്തുത കണക്കുകൾ പരിശോധിച്ചാൽ 2024-ൽ ഗ്രാമീണ മേഖലയിൽ inflation-ന്റെ വാർഷിക ദേശീയ ശരാശരി 5.43 പോയിന്റും കേരളത്തിന്റേത് 5.54 പോയിന്റും ആണ്. 0.11 പോയിന്റ് വർദ്ധനവ് സംസ്ഥാനത്ത് വിലക്കയറ്റനിരക്കിൽ കൂടുതലായി വന്നിട്ടുണ്ട്. പ്രസ്തുത കാലയളവിലെ നഗര മേഖല കണക്കുകൾ പരിശോധിച്ചാൽ ദേശീയ ശരാശരി 4.41 പോയിന്റും കേരളത്തിന്റേത് 4.82 പോയിന്റും ആണ്. ഇവിടെ 0.41 പോയിന്റിന്റെ വർദ്ധനവാണ് ദേശീയ കണക്കിനേക്കാൾ കേരളത്തിന്റെ inflation rate- ൽ വന്നിട്ടുള്ളത്. ഗ്രാമീണ-നഗര മേഖല ഒരുമിച്ച് (combined) പരിശോധിക്കുമ്പോൾ ദേശീയ ശരാശരി 4.95 പോയിന്റും സംസ്ഥാന ശരാശരി 5.29 പോയിന്റും അണ്. അതായത് 0.34 പോയിന്റിന്റെ വർദ്ധനവാണ് ദേശീയ കണക്കിനേക്കാൾ കേരളത്തിന്റെ inflation rate- ൽ വന്നിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധ്യമായ മാർഗ്ഗങ്ങളെല്ലാം സർക്കാർ സ്വീകരിച്ച് വരുന്നുണ്ട് . |
| (സി) | ആളോഹരി കടം, പൊതു കടം, എന്നിവ വർദ്ധിയ്ക്കുകയും രാജ്യത്തെ വിലക്കയറ്റം കൂടുതലുള്ള സംസ്ഥാനമായി മാറുകയും ചെയ്യതിലൂടെ അപകടകരമായ ധനസ്ഥിതിയുള്ള സംസ്ഥാനമായി ഈ സർക്കാരിന്റെ കാലത്ത് കേരളം മാറാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | അത്തരത്തിലുള്ള ഒരു സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ